കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാപഞ്ചായത്ത്- ജനകീയാസൂത്രണ പദ്ധതി 2011-12 പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് 9 ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:1022/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി:31/3/2012**

---

**പരാമർശം:-** 1. കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 18/1/12-ലെ ഡി4-3804/11 നമ്പർ കത്ത്.

2. 28/3/12-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.25 നമ്പർ തീരുമാനം.

3. കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 23/3/12-ലെ ഡി4-3804/11 നമ്പർ കത്ത്.

### ഉത്തരവ്

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2011-12 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തിയ പ്രോജക്ട് നമ്പർ 408/12 പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്ക് ആംബുലൻസ് വാങ്ങൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ഇരുപത്തിയഞ്ച് ആംബുലൻസുകൾ വാങ്ങുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (1) പ്രകാരം കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്ന പദ്ധതി ജില്ലാപഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നതല്ലാത്തതിനാൽ പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി നിരസിച്ചിരുന്നു. ടി തീരുമാനം പുന:പരിശോധിക്കണമെന്ന് പരാമർശം (3) പ്രകാരം കോട്ടയം ജില്ലാപഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പുന:പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിൽ കോട്ടയം മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ രണ്ട് ആംബുലൻസുകൾ വീതവും കോട്ടയം ജില്ലയിലെ അഞ്ച് താലൂക്ക് ആശുപത്രികളിൽ ഓരോ ആംബുലൻസ് വീതവും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

ഗവ.അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
3. സെക്രട്ടറി, കോട്ടയം ജില്ലാപഞ്ചായത്ത്
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.